## പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 3052 — 21/6/2013 ൽ മറുപടിയ്ക്ക്

# കാർഷിക വിപണികൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസഫ് വാഴക്കൻ<br>,, ഹൈബി ഈഡൻ<br>,, സണ്ണി ജോസഫ്<br>,, തേറമ്പിൽ രാമകൃഷ്ണൻ | ശ്രീ. കെ.പി. മോഹനൻ<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് കാർഷിക വിപണികൾ കാര്യക്ഷമമാക്കുന്നതിന് പദ്ധതി രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ ; | (എ) ഉണ്ട്. കൃഷി വകുപ്പിന്റെ കീഴിലുള്ള ആറ് മൊത്തവ്യാപാര വിപണികളും കാര്യക്ഷമമാക്കുന്നതിന് 2013-14 ൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ആകെ 286 ലക്ഷം രൂപയാണ് പദ്ധതിക്കായി ചെലവഴിക്കുന്നത്. ടി തുക താഴെപ്പറയുന്ന ഇനങ്ങളിലായി ചെലവഴിക്കുന്നതിനാണ് വകകൊള്ളിച്ചിരിക്കുന്നത്.<br>i) ട്രാൻസ്പോർട്ട് സബ്സിഡി : കർഷകരുടെ ഉല്പന്നങ്ങൾ ലേലത്തിലൂടെ വിപണനം നടത്തുന്നതിനായി മൊത്തവ്യാപാര വിപണികളിലെത്തിക്കുന്നതിന് കിലോക്ക് ഒരു രൂപ നിരക്കിൽ സബ്സിഡി നൽകുന്നതാണ്. ആകെ 36 ലക്ഷം രൂപ ഈ ആവശ്യത്തിനായി വിനിയോഗിക്കുന്നതിനാണ് ഉദ്ദേശിച്ചിട്ടുള്ളത്.<br>ii) ലേലം നടത്തുന്നതിനുള്ള സഹായം : മൊത്തവ്യാപാര വിപണികളിലെ ലേലം സംബന്ധിച്ചുള്ള അനുബന്ധച്ചെലവുകൾക്കായി ഓരോ വിപണിയിലേക്കും 5 ലക്ഷം രൂപ എന്ന നിരക്കിൽ ആറ് മൊത്ത വ്യാപാര വിപണികളുമായി |

30 ലക്ഷം രൂപ വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നു.

iii) മൊത്ത വ്യാപാര വിപണികളുടെ അടിസ്ഥാന സൗകര്യവികസനം : വിപണികളുടെ കെട്ടിട റിപ്പയർ വർക്കുകൾക്കും അനുബന്ധചെലവിനുമായി ആനയറ, മരട്, മൂവാറ്റുപുഴ, നെടുമങ്ങാട് വിപണികൾക്കായി 80 ലക്ഷം രൂപ ചെലവഴിയ്ക്കുന്നതിന് ഉദ്ദേശിക്കുന്നു.

iv) വിപണി റോഡുകളുടെയും ജലനിർഗ്ഗമന സൗകര്യം മെച്ചപ്പെടുന്നതിലേക്കായി ആനയറ, വേങ്ങേരി, നെടുമങ്ങാട് എന്നീ വിപണികളിൽ 80 ലക്ഷം രൂപ ചെലവഴിക്കുന്നതാണ്.

v) കാർഷികോത്പന്നങ്ങൾ കേടുകൂടാതെ സൂക്ഷിക്കുന്നതിന് ശീതീകരണശാല, നെടുമങ്ങാട് മൊത്തവ്യാപാര വിപണിയിൽ നിർമ്മിക്കുന്നതിനായി 30 ലക്ഷം രൂപ ഉൾക്കൊള്ളിച്ചിട്ടുണ്ട്.

മേൽപ്പറഞ്ഞിട്ടുള്ള പ്രവർത്തനങ്ങളാണ് മൊത്ത വ്യാപാര കാർഷിക വിപണികൾ കാര്യക്ഷമമാക്കുന്നതിനുള്ള 2013-14 വർഷത്തെ പദ്ധതിയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്തെ കാർഷിക മൊത്ത വ്യാപാര വിപണികളിൽ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ നേരിട്ട് കൊണ്ട് വന്ന് ലേലം ചെയ്യുന്നതിനുള്ള സംവിധാനം നിലവിലുണ്ട്. ഇതു മൂലം ഇടനിലക്കാരെ ഒഴിവാക്കുന്നതിനും വിളവെടുപ്പാനന്തര നഷ്ടങ്ങൾ പരമാവധി കുറയ്ക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും സാധിക്കുന്നു. അങ്ങനെ ഇടത്തട്ടുകാരുടെ ചൂഷണത്തിൽ നിന്നും കർഷകരെ രക്ഷിക്കുക എന്ന ലക്ഷ്യത്തോടെയാണ് കാർഷിക

| | | |
|---|---|---|
| | | വിപണികൾ കാര്യക്ഷമമാക്കുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നത്. |
| (സി) | ഏതെല്ലാം ഏജൻസികളാണ് ഇതിനായി സഹകരിക്കുന്നത്; വിശദമാക്കുമോ ; | (സി) കാർഷിക വിപണികൾ കാര്യക്ഷമമാക്കുന്നതുമായി ബന്ധപ്പെട്ട് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ എന്നീ ഏജൻസികൾ സഹകരിക്കുന്നുണ്ട്. സംസ്ഥാനത്തെ എല്ലാ കാർഷിക മൊത്തവ്യാപാര വിപണികളിലും നടത്തുന്ന കാർഷികോല്പന്ന-ങ്ങളുടെ ലേലത്തിൽ ഹോർട്ടികോർപ്പ് പങ്കെടുക്കുകയും കർഷകർക്ക് ന്യായവില നൽകി പഴം - പച്ചക്കറികൾ സംഭരിച്ചു വരുകയും ചെയ്യുന്നു. ഇതിന് പുറമേ കർഷകരിൽ നിന്നും നേരിട്ടും ഹോർട്ടികോർപ്പ് സംഭരിച്ച് സംസ്ഥാനത്ത് ഉടനീളമുള്ള റീട്ടെയിൽ സ്റ്റാളുകളിലൂടെ വില്പന നടത്തുന്നു. വി.എഫ്.പി.സി.കെ യുടെ കീഴിൽ സംസ്ഥാനത്തുടനീളം 252 സ്വാശ്രയ കർഷക സമിതികൾ കർഷകരുടെ ഉല്പന്നങ്ങളുടെ വിപണനത്തിനായി പ്രവർത്തിക്കുന്നുണ്ട്. ഉല്പാദന മേഖലകൾ കേന്ദ്രീകരിച്ച് കർഷകരാൽ നടത്തപ്പെടുന്ന ഈ വിപണികളിൽ ഉല്പന്നം സംഭരിക്കുകയും മൊത്തകച്ചവടക്കാരുമായി നേരിട്ട് വിലപേശി വിപണനം നടത്തുകയും ചെയ്യുന്ന വഴി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നു. |
| (ഡി) | പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | (ഡി) കാർഷിക മൊത്ത വ്യാപാര വിപണികളിൽ കർഷകർ അവരുടെ ഉല്പന്നങ്ങൾ നേരിട്ട് കൊണ്ട് വന്ന് ലേലം നടത്തി വിപണനം ചെയ്യുന്നതിന്റെ മുന്നോടിയായി ഓരോ വിപണിയുടേയും പരിസരത്തുള്ള കർഷകരെ ഗ്രൂപ്പുകളാക്കിയിട്ടുണ്ട്. ആഴ്ചയിൽ നിശ്ചിത ദിവസങ്ങളിലാണ് ഉല്പന്നങ്ങൾ വിപണികളിൽ വച്ച് |

ലേലം നടത്തുന്നത്. വിപണിയിലെത്തിക്കുന്ന കാർഷികോല്പന്നങ്ങൾക്ക് ട്രാൻസ്പോർട്ടിംഗ് സബ്സിഡി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**